(സി) ഈ സാമ്പത്തിക വർഷം 20,000 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ഡി) 2.50 മീറ്റർ

(ഇ) ശരാശരി 2 മീറ്റർ

(എഫ്) ഉണ്ട്.

(ജി) പണി പൂർത്തിയായ മത്സ്യബന്ധന തുറമുഖങ്ങളിലും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും ഡ്രഡ്ജിംഗ് നടത്തുന്നതിന് 18.535 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി അനുമതിക്കായി 3-1-2004-ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ നിന്ന് 5,92,000 ഘന മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് 444 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്ഥാപിക്കുന്ന റിക്രിയേഷൻ ഹാർബറുകൾ

160 [614] ശ്രീ. അടൂർ പ്രകാശ്:

" എം. എ. ചന്ദ്രശേഖരൻ:

" തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം റിക്രിയേഷൻ ഹാർബറുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്;

(ബി) ഇത്തരം ഹാർബർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവുമായി ആരെല്ലാം ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്;

(സി) ഇവരിൽ ആരെങ്കിലുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ തുറമുഖത്ത് ഒരു മറീന (റിക്രിയേഷൻ ഹാർബർ) സ്ഥാപിക്കുന്നതിനുദ്ദേശമുണ്ട്.

(ബി) മുംബൈയിലെ ഇ.ഇ.സി.ഒ. എൻവയൺമെന്റൽ ആന്റ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമീപിച്ചിട്ടുണ്ട്.

(സി) ആരുമായും ധാരണാ പത്രം ഒപ്പു വച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly